## I. കർത്താവായ യേശുവിന്റെ മുമ്പാകെ വച്ച സന്തോഷം—മണവാട്ടിയായ സഭ

**A.** ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്തു

**B.** കർത്താവ്, ക്രൂശിൽ പാപങ്ങൾക്കു വേണ്ടിയുള്ള യാഗമായിത്തീർന്നു / നമ്മുടെ പാപങ്ങൾ വഹിച്ചു / നമുക്ക് വേണ്ടി പാപമായിത്തീർന്നു / ഈ ലോകത്തിന്റെ അധിപനെ പുറത്താക്കി / ദിവ്യജീവനെ വിടുവിച്ചു

**C.** കൊലൊസ്സ്യർ 2:15 ക്രിസ്തുവിന്റെ ക്രൂശുമരണത്തിന്റെ സമയത്ത് നടന്ന പോരാട്ടത്തെ ചിത്രീകരിക്കുന്നു:

- തന്റെ ക്രൂശുമരണത്തിൽ, ക്രിസ്തു വീണ്ടെടുപ്പ് നിറവേറ്റുവാനും, പിതാവായ ദൈവം പാപത്തെ വിധിക്കുവാനും പ്രവർത്തിക്കുകയായിരുന്നു.
- വാഴ്ച്ചകളും അധികാരങ്ങളും ദൈവത്തിന്റെയും ക്രിസ്തുവിന്റെയും ഈ വേലയെ തടസ്സപ്പെടുത്താനുള്ള ശ്രമത്തിൽ വ്യാപൃതരായിരുന്നു
- അവർ വളരെ സജീവമായിരുന്നുകൊണ്ട്, ക്രൂശിക്കപ്പെട്ട ക്രിസ്തുവിന് ചുറ്റും ഒന്നിച്ചുകൂടി, വളരെ അടുത്ത് അവനെ ഞെരുക്കുകയായിരുന്നു
- നമ്മുടെ വസ്ത്രങ്ങൾ നമ്മുടെ ശരീരത്തോട് എത്ര അടുത്തായിരിക്കുന്നുവോ അതുപോലെ വാഴ്ച്ചകളും അധികാരങ്ങളും വളരെ അടുത്ത് ചേർന്ന് ഞെരുക്കിയതിനാൽ ദൈവത്തിന് അവരെ ഉരിഞ്ഞുകളയുവാൻ കഴിഞ്ഞു
- അവരെ ഉരിഞ്ഞുകളഞ്ഞും, ക്രൂശിൽ അവരെ ലജ്ജിപ്പിച്ചും അവരുടെമേൽ ജയോത്സവം കൊണ്ടാടിയും ദൈവം അവരെ പരസ്യമായ കാഴ്ച്ചയാക്കി.

## II. നമ്മുടെ മുമ്പാകെ വെച്ചിരിക്കുന്ന സന്തോഷം—മണവാളനായ യേശു

### മണവാട്ടിയുടെ സവിശേഷതകൾ

**A. പക്വത:**

- രൂപാന്തരപ്പെടുക എന്നത് നമ്മുടെ സ്വാഭാവിക ജീവനിൽ ചയാപചയപരമായി മാറ്റംവരുന്നതാണ്, എന്നാൽ പക്വത പ്രാപിക്കുന്നത് നമ്മെ മാറ്റുന്ന ദിവ്യ ജീവനാൽ നിറയപ്പെടുന്നതാണ്

**B. കെട്ടുപണി:**

- ത്രിയേക ദൈവത്തിന്റെ സംഘാത ആവിഷ്കാരമായ ദൈവത്തിന്റെ കെട്ടിടമാണ് ദൈവത്തിന്റെ ഹൃദയത്തിന്റെ ആഗ്രഹവും ദൈവത്തിന്റെ രക്ഷയുടെ ലക്ഷ്യവും
- നാം പണിയപ്പെടേണ്ടതിന് ക്രിസ്തു നമുക്ക് ജീവനും സകലവുമാകണം

**C. നീതി:**

- ക്രിസ്തു നമ്മിൽ ജീവിച്ചു വെളിപ്പെടുന്നതാണ് നമ്മുടെ വ്യക്തിനിഷ്ഠമായ നീതി
- നാം ജീവിച്ചു വെളിപ്പെടുത്തുന്നവനും, നമ്മുടെ അനുദിന ജീവിതത്തിൽ നമ്മുടെ കവിയുന്ന നീതിയായ് നമ്മിലൂടെ ആവിഷ്കരിക്കപ്പെടുന്നവനുമായ ക്രിസ്തുവാണ് നമ്മുടെ വിവാഹ വസ്ത്രമായ് മാറുന്നത്

**D. സൗന്ദര്യം**

- മണവാട്ടിയെന്ന നിലയിൽ സഭയ്ക്ക് സൗന്ദര്യം ആവശ്യമാണ്
- മണവാട്ടിയുടെ സൗന്ദര്യം വരുന്നത് സഭയിലേക്ക് പണിതുചേർക്കപ്പെടുകയും സഭയിലൂടെ ആവിഷ്കരിക്കപ്പെടുകയും ചെയ്യുന്ന ക്രിസ്തുവിൽ നിന്നാണ്
- നമ്മുടെ ഉള്ളിൽ നിന്ന് പ്രകാശിച്ചു വെളിപ്പെടുന്ന ക്രിസ്തു മാത്രമാണ് നമ്മുടെ സൗന്ദര്യം. അതാണ് ക്രിസ്തു നമ്മിൽ വിലമതിക്കുന്നത്.

**E. പോരാളി**

- ഭൂമിയിൽ ദൈവത്തിന്റെ താത്പര്യത്തിനുവേണ്ടി യുദ്ധം ചെയ്യുന്ന ആത്മിക പോരാട്ടം ശരീരത്തിന്റെ കാര്യമാണ്
- എഫെസ്യർ 5-ലെ വചനം മണവാട്ടിയെ സൗന്ദര്യവൽക്കരിക്കുന്നതിനുള്ള പോഷണമാണ്
- എഫെസ്യർ 6-ലെ വചനം നമ്മുടെ ഉള്ളിലുള്ള പ്രതിയോഗിയെയും സകല പ്രതിലോമ കാര്യങ്ങളെയും കൊല്ലുന്നതിനാണ്
- ക്രിസ്തു നമ്മുടെ ദൈനംദിന നീതിയായി നമ്മിൽ നിന്ന് ജീവിച്ച് വെളിപ്പെടുന്ന വിവാഹവസ്ത്രം, നമ്മെ വിവാഹത്തിൽ പങ്കെടുക്കുവാൻ മാത്രമല്ല, ഹർമ്മഗെദ്ദോനിലെ യുദ്ധത്തിൽ എതിർക്രിസ്തുവിനെതിരെ ക്രിസ്തുവിനോട് ചേർന്ന് യുദ്ധം ചെയ്യുവാൻ സൈന്യത്തിൽ ചേരുവാനും യോഗ്യരാക്കുന്നു

## III. യഹോവയിങ്കലെ സന്തോഷം നമ്മുടെ ബലം

**A.** നെഹെമ്യാവ് 8:10 അനുസരിച്ച്, യഹോവയിങ്കലെ സന്തോഷമാണ് നമ്മുടെ ബലം

- ഇത് നമുക്ക് ശക്തി ഉണ്ടായിരിക്കുന്നതിന്റെ കാര്യമല്ല; അവന്റെ സന്തോഷമാണ് നമ്മെ താങ്ങിനിർത്തുന്നത്
- കർത്താവിന്റെ സന്തോഷത്തിന് സാഹചര്യങ്ങളുമായി യാതൊരു കാര്യവുമില്ല
- നാം കർത്താവിനെ പകർത്തുവാൻ ശ്രമിക്കരുത്, പകരം കർത്താവിന്റെ സന്തോഷം സ്വീകരിക്കുകയാണ് വേണ്ടത്

**B.** തന്റെ ജീവിതാവസാനം വാച്ച്മാൻ നീ തന്റെ കഷ്ടപ്പാടുകളുടെ മധ്യേ പറഞ്ഞു, "ഞാൻ എന്റെ സന്തോഷം നിലനിർത്തുന്നു"

**C.** എന്റെ സന്തോഷം നിലനിർത്തുന്നു എന്നത്, ഫിലിപ്പിയർ 4:4-ലെ "കർത്താവിൽ എപ്പോഴും സന്തോഷിക്കുവിൻ" എന്നതിന്റെ പ്രയോഗികതയാണ്

**D.** ദൈവത്തിന്റെ കരുണയും കൃപയും മുഖാന്തരം, കർത്താവിന്റെ സന്തോഷം നമ്മുടെ ബലമാകുന്നതിലൂടെ നമുക്കെല്ലാവർക്കും നമ്മുടെ സന്തോഷം നിലനിർത്തുവാൻ കഴിയും.